പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3279 — 08-11-2019-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി. ജോസഫ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) & (ബി) | 2018 ആഗസ്റ്റ് മാസം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ വലിയ നാശനഷ്ടങ്ങൾ കാരണം ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ 2 ഉം കാസർഗോഡ് ജില്ലയിൽ 1 ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇടുക്കി ജില്ലയിലെ ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ടി തുക വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | ആത്മഹത്യ ചെയ്ത കർഷകരുടെ അവകാശികൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇതിനകം നൽകിയതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ